സിമന്റിന് എൻട്രി ടാക്സ്

20 (1072) ശ്രീ. ആര്യാടൻ മുഹമ്മദ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ സിമന്റ് ഉപഭോഗത്തിന്റെ 90% വും മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടു വരുന്നതാകയാൽ അതിന് എൻട്രി ടാക്സ് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ & ബി) സംസ്ഥാനത്ത് ഇപ്പോൾ നിലവിലുള്ള പ്രവേശന നികുതി നിയമ പ്രകാരം അന്യസംസ്ഥാനങ്ങളിൽ നിന്ന് ഉപഭോഗത്തിനായി കൊണ്ടുവരുന്ന സിമന്റിന് 15% എൻട്രി ടാക്സ് ഏർപ്പെടുത്തിയിട്ടുണ്ട്.

നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി

21 (1074) ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ എത്ര തുക നികുതി വരുമാനമായും എത്ര തുക നികുതിയേതര വരുമാനമായും ലഭിച്ചു എന്ന് വ്യക്തമാക്കാമോ ;

(ബി) ഇത് ലക്ഷ്യമിട്ടതിന്റെ എത്ര ശതമാനം വീതമാണെന്ന് അറിയിക്കാമോ ;

(സി) നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനായി സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 31-3-2003 വരെയുള്ള എ.ജി.യുടെ താൽക്കാലിക കണക്കുകൾ പ്രകാരം നികുതി വരുമാനം (കേന്ദ്ര നികുതി വിഹിതം ഉൾപ്പെടെ) 8891.72 കോടി രൂപയും നികുതിയേതര വരുമാനം 596.08 കോടി രൂപയുമാണ്.

(ബി) നികുതി വരുമാനം ലക്ഷ്യമിട്ടതിന്റെ 92 ശതമാനവും നികുതിയേതര വരുമാനം 65.90 ശതമാനവുമാണ്.

(സി) നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാന തലത്തിൽ ചീഫ് സെക്രട്ടറി നികുതി പിരിവിന്റെ പുരോഗതി വിലയിരുത്തുന്നു. ജില്ലാ തലത്തിൽ വകുപ്പുദ്യോഗസ്ഥരുടെ യോഗം പുരോഗതി അവലോകനം ചെയ്യുവാനും പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനുമുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. റവന്യൂ

LIBRARY ARCHIVES Kerala Legislative Assembly

റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുകയും, ഹൈക്കോടതിയിൽ വില്പന നികുതിയുമായി ബന്ധപ്പെട്ട കേസുകൾ കൈകാര്യം ചെയ്യുന്നതിനായി പ്രത്യേകം സർക്കാർ പ്ലീഡർമാരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്.

നികുതി ചോർച്ച തടയുന്നതിന് നടപടി

22 (1075) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. യു. സി. രാമൻ :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. കളത്തിൽ അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനാതിർത്തികളിൽ നിലവിലുള്ള വില്പന നികുതി ചെക്ക് പോസ്റ്റുകളിൽ നികുതി ചോർച്ചയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നികുതി ചോർച്ച തടയുന്നതിനായി എന്തെല്ലാം നടപടികളാണ് എടുത്തിട്ടുള്ളത് ;

(സി) ഇല്ലെങ്കിൽ എന്തെല്ലാമാണ് എടുക്കാൻ ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) നികുതി ചോർച്ച തടയുന്നതിനായി ചെക്ക് പോസ്റ്റുകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള നടപടികൾ നടന്നു വരികയാണ്. തിരുവനന്തപുരം ജില്ലയിലെ അമരവിള ചെക്ക് പോസ്റ്റിൽ കമ്പ്യൂട്ടറിന്റെ സഹായത്തോടെയുള്ള പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. എൻഫോഴ്സ്മെന്റ് ജോയിന്റ് കമ്മീഷണറുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ഇന്റലിജൻസ്/ അന്വേഷണ വിഭാഗങ്ങൾ ചെക്ക് പോസ്റ്റുകളിൽ മിന്നൽ പരിശോധന നടത്തുകയും ചെക്ക്പോസ്റ്റ് കടന്നു വരുന്ന വാഹനങ്ങൾ വീണ്ടും പരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്യുന്നുണ്ട്. സ്ഥിരം ചെക്ക്പോസ്റ്റുകൾ വെട്ടിച്ചു കടന്നുപോകുന്ന വാഹനങ്ങൾ പിടികൂടി പരിശോധിക്കുന്നതിനായി ഇടറോഡുകളിൽ താൽക്കാലിക ചെക്ക്പോസ്റ്റുകൾ പ്രവർത്തിക്കുന്നതു കൂടാതെ വാഹനങ്ങൾ 'ഓവർ ചെക്കിംഗ്' നടത്തി, നികുതി ചോർച്ച കണ്ടുപിടിക്കുന്നതിന് ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് കമ്മീഷണറുടെ നേതൃത്വത്തിൽ പ്രത്യേക സ്ക്വാഡും രൂപവൽക്കരിച്ചിട്ടുണ്ട്. ചെക്ക് പോസ്റ്റുകളിലെ അഴിമതി തടയുന്നതിനായി ഒരു വർഷത്തിൽ 3 മാസത്തിൽ കൂടുതൽ ഇൻസ്പെക്ടേഴ്സിനെ ചെക്ക് പോസ്റ്റുകളിൽ നിയമിക്കാതിരിക്കുകയും അപ്രകാരം 'പൂൾ സിസ്റ്റം' ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly